കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി - ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിച്ച അപേക്ഷ - നിരസിച്ച് തീർപ്പാക്കി - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.No.580/2014-മേലുള്ള 25.09.2014 തീയതിയിലെ ഉത്തരവ് നടപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 246/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 28.01.2015**

---

പരാമർശം:- 1. ജി.ഒ.(പി) നമ്പർ.216/2008/തസ്വഭവ, തീയതി 30.07.2008.
2. ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ സർവ്വശ്രീ.മുബാരക്.വി.എം, ബി.എം.നാരായണൻ, മോഹൻദാസ്.സി.ഐ, യതീന്ദ്രദാസ്.പി.ആർ, ആമ്പ്രോസ് മൈക്കിൾ, ജയൻ.റ്റി.ആർ. എന്നിവർ സമർപ്പിച്ച 24.05.2014 തീയതിയിലെ നിവേദനം. (A10)
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.(EKM)No.580/2014- മേലുള്ള 25.09.2014 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിലെ സബോർഡിനേറ്റ് വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ പരാമർശം(1)ലെ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ റൂളിലെ ചട്ടം 10 (1) മുതൽ (4) വരെയുള്ള നിബന്ധനകൾ ഭേദഗതി ചെയ്യുക, 30.07.2008ന് ശേഷം സർവ്വീസിൽ വന്നവർക്ക് മാത്രം സംയോജിത സീനിയോറിറ്റി ലിസ്റ്റ് ബാധകമാക്കിയാൽ മതിയെന്നും അതിന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരെ ഇന്റഗ്രേഷനിൽ നിന്നും ഒഴിവാക്കുക, സ്പെഷ്യൽറൂൾ പരിഷ്ക്കരിക്കുന്നതു വരെ തത്സ്ഥിതി തുടരുക, ഡേറ്റ് ഓഫ് അഡ്വൈസ് ക്രമത്തിൽ സീനിയോറിറ്റി അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് പരാമർശം (2) പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

മേൽ നിവേദനം സർക്കാർ പരിശോധിച്ച് വരവേ തന്നെ ഈ നിവേദനം പരിശോധിച്ച് എത്രയും വേഗം തീർപ്പ് കല്പിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് ടി ആറ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A.(EKM) 580/2014 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിൽ മൂന്ന് മാസങ്ങൾക്കകം ഹർജിക്കാരെ നേരിൽ കേട്ട് 24.05.2014 തീയതിയിലെ നിവേദനം (അനക്സർ A10) തീർപ്പ് കല്പിക്കാൻ ഉത്തരവായിരുന്നു.

ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഹർജിക്കാരെ 26.11.2014-ന് നേരിൽ കേൾക്കുകയുണ്ടായി. നേർക്കാഴ്ചയിൽ മേൽ നിവേദനത്തിലെ ആവശ്യങ്ങൾ അവർ ആവർത്തിക്കുകയുണ്ടായി. എന്നാൽ സ്പെഷ്യൽ റൂളിലെ നിബന്ധനകൾ അനുസരിച്ച് മാത്രമേ ഇന്റഗ്രേറ്റഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ സാധിക്കുമായിരുന്നുള്ളൂ എന്നും, പ്രൊമോഷൻ തീയതി മാനദണ്ഡമായി സ്വീകരിക്കാൻ പറഞ്ഞിരിക്കുന്നത് കാരണം ഗ്രാമവികസന കമ്മീഷണർക്ക് മറ്റ് മാർഗ്ഗങ്ങൾ ഇല്ലായിരുന്നെന്നും ഗ്രാമവികസന കമ്മീഷണറുടെ പ്രതിനിധി അറിയിച്ചു.

സർക്കാർ ഇക്കാര്യം പരാമർശം (1)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഈ കേസിൽ നിലവിലത്തെ സ്പെഷ്യൽ റൂൾ പ്രകാരം ഗ്രാമവികസന കമ്മീഷണർ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നതിനാലും, പരാമർശം (1) പ്രകാരമുള്ള സ്പെഷ്യൽ റൂൾ പരിഷ്ക്കരിക്കുന്നതിന് ഇതുവരെ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ഹർജിക്കാരുടെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള നിവേദനം നിരസിച്ച് തീർപ്പാക്കിക്കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ജെ.ഉണ്ണികൃഷ്ണൻ**
**അണ്ടർ സെക്രട്ടറി**

ശ്രീ.മുബാരക്.വി.എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, വെള്ളാങ്കല്ലൂർ , തൃശ്ശൂർ
ശ്രീ.ബി.എം.നാരായണൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ.
ശ്രീ.മോഹൻദാസ്.സി.ഐ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചൊവ്വന്നൂർ, തൃശ്ശൂർ.
ശ്രീ.യതീന്ദ്രദാസ്.പി.ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കൊടകര, തൃശ്ശൂർ.
ശ്രീ.ആമ്പ്രോസ് മൈക്കിൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മതിലകം, തൃശ്ശൂർ.
ശ്രീ.ജയൻ.റ്റി.ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മതിലകം, തൃശ്ശൂർ.
} ഗ്രാമവികസന കമ്മീഷണർ മുഖേന

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ